**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 49** **01-02-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിലെ തസ്തിക വെട്ടിക്കുറക്കലും പുനർവിന്യാസവും മൂലം പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും കാര്യമായ നിയമനം നടക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പുതുതായി നിരവധി തസ്തികകൾ സൃഷ്ടിക്കുന്നതോടൊപ്പം വകുപ്പുകളിൽ കാലഹരണപ്പെട്ടതോ നിലവിൽ അനിവാര്യമല്ലാത്തതോ ആയ തസ്തികകൾ ഒഴിവാക്കി പകരം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. 2021 മെയ് മാസം 21 മുതൽ 2022 ഡിസംബർ 31 വരെ 39,366 പേർക്ക് പി. എസ്. സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2016 മെയ് മാസം മുതൽ 2021 ഡിസംബർ 31 വരെ 2,00,727 പേർക്ക് പി. എസ്. സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഒഴിവുകൾ അവ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08/11/2022 ലെ ഉപ.സി3/100/2022/ ഉഭപവ നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിലേക്ക് അതാത് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ മറ്റൊരു തരത്തിലും നികത്തുവാൻ പാടില്ലായെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | റാങ്ക് ലിസ്റ്റുകൾ നിലവിൽ ഉള്ള തസ്തികകളിലേക്ക് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം | (ബി) | പുതുതായി നിരവധി തസ്തികകൾ സൃഷ്ടിക്കുന്നതോടൊപ്പം വകുപ്പുകളിൽ |

| | | | |
|---|---|---|---|
| | നടത്തുന്നത് അവസാനിപ്പിച്ച് തസ്തികകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുകൾക്കും അടിയന്തര നിർദേശം നൽകുമോ; വ്യക്തമാക്കുമോ? | | കാലഹരണപ്പെട്ടതോ നിലവിൽ അനിവാര്യമല്ലാത്തതോ ആയ തസ്തികകൾ ഒഴിവാക്കി പകരം ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. 2021 മെയ് മാസം 21 മുതൽ 2022 ഡിസംബർ 31 വരെ 39,366 പേർക്ക് പി. എസ്. സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2016 മെയ് മാസം മുതൽ 2021 ഡിസംബർ 31 വരെ 2,00,727 പേർക്ക് പി. എസ്. സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഒഴിവുകൾ അവ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08/11/2022 ലെ ഉപ.സി3/100/2022/ ഉഭപവ നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിലേക്ക് അതാത് വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ മറ്റൊരു തരത്തിലും നികത്തുവാൻ പാടില്ലായെന്ന് എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ